# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4867 14.11.2019-ൽ മറുപടിക്ക്

**സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര വിദ്യാലയങ്ങളിൽ പ്രിൻസിപ്പൽമാരെ നിയമിക്കാതെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ട്; കുട്ടികളുടെ അക്കാദമിക് നിലവാരത്തെ ബാധിക്കുന്ന തരത്തിൽ പ്രഥമാധ്യാപകരെ ഈ വിദ്യാലയങ്ങളിൽ നിയമിക്കാതിരിക്കുന്നത് എന്തുകൊണ്ട് ; | (എ) കേരളത്തിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 07.11.2019 തീയതിവരെയുള്ള കണക്ക് പ്രകാരം 38 പ്രിൻസിപ്പൽ തസ്തിക ഒഴിവുണ്ട്. ഈ ഒഴിവുകളിലേക്ക് പ്രിൻസിപ്പൽ പ്രമോഷൻ നടത്തുന്നതിനായി ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എച്ച്.എം-മാരിൽ നിന്നും എച്ച്.എസ്.എസ്.റ്റി മാരിൽ നിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. അഡ്ഹോക് ഡി.പി.സി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (ഐ.റ്റി.ഇ.) സ്ഥാപനങ്ങളിൽ ഇരുപത് എണ്ണം എൻ.സി.ടി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) മാനദണ്ഡമനുസരിച്ചുള്ള സംവിധാനങ്ങളില്ലാത്തതിനാൽ അടച്ചു പൂട്ടാൻ എൻ.സി.ടി.ഇ. നോട്ടീസ് നൽകിയിട്ടുണ്ടോ; ഈ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ; | (ബി) എൻ.സി.റ്റി.ഇ നോട്ടീസ് നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതത് സ്ഥാപനമേധാവികൾ ആണ്. |
| (സി) ഹയർ സെക്കന്ററി മേഖല സ്കൂൾ മേഖലയുമായി ഏകീകരിക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കന്ററി പ്രിൻസിപ്പാളിന് സ്കൂളിന്റെ ഭരണപരമായ ചുമതല നല്കാൻ തീരുമാനിച്ചതിനൊപ്പം ആഴ്ചയിൽ പതിനാറ് മണിക്കൂറിലേറെ പഠിപ്പിക്കാനും സമയം കണ്ടെത്തണം എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ | (സി) നിലവിൽ മാറ്റം വരുത്തിയിട്ടില്ല. |

ഇവരുടെ അധ്യാപന ഭാരം കുറയ്ക്കാൻ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഇല്ലാത്ത പക്ഷം എന്തുകൊണ്ടാണ്

(ഡി) സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അധ്യാപക രക്ഷാകർത്തൃസമിതികൾ നടത്തുന്നവയും എന്നാൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതുമായ ആയിരത്തി അഞ്ഞൂറിലധികം പ്രീ പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ

(ഡി) 2014-ൽ തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി പ്രീ-സ്കൂൾ അദ്ധ്യാപകർക്കായി 'കളിപ്പാട്ടം' എന്ന പേരിൽ പ്രവർത്തന പുസ്തകം 3+, 4+ പ്രായക്കാരായ കുട്ടികൾക്കായി പ്രവർത്തന കാർഡുകൾ- 'കളിത്തോണി', അദ്ധ്യാപകർക്കായി വിനിമയ സഹായി എന്നിവ എസ്.സി.ഇ.ആർ.ടി തയ്യാറാക്കുകയും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ അച്ചടിച്ച് എല്ലാ പ്രീ-പ്രൈമറി സ്കൂളുകൾക്കും വിതരണം ചെയ്യുകയും, കളിത്തോണി ഒന്നും രണ്ടും ഭാഗം തയ്യാറാക്കി വെ ബ്ബ്സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മൂന്നാം ഭാഗം തയ്യാറാക്കുന്നത് അവസാന ഘട്ടത്തിലാണ്. സർക്കാർ, സർക്കാർ അംഗീകൃത സ്കൂളുകളിലെ തെരഞ്ഞെടുത്ത പ്രീ-സ്കൂൾ അദ്ധ്യാപകർക്കായി 2017-18 അദ്ധ്യയന വർഷത്തിൽ 'പ്രശിക്ഷാ' എന്ന പേരിൽ ഗവേഷണാടിസ്ഥാനത്തിൽ പരിശീലനം നൽകുകയും, 2018-19 അദ്ധ്യയന വർഷത്തിൽ മുഴുവൻ സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ അദ്ധ്യാപകർക്കും, ഈ അദ്ധ്യയന വർഷം പ്രീ-സ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുമുള്ള പരിശീലനം നൽകുകയുണ്ടായി. പ്രീ-സ്കൂൾ മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായുള്ള ദേശീയ സെമിനാർ എസ്.സി.ഇ.ആർടി-യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രി, സാമൂഹ്യനീതി വകുപ്പ് മന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്നു. കൂടാതെ പ്രീ-സ്കൂൾ നയരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പ്രവർത്തനങ്ങൾ

സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഈ) ഡയറ്റ് സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്; ഭേദഗതി എപ്പോഴേക്ക് പൂർത്തീകരിക്കും; സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാത്തതുമൂലം സ്ഥിര നിയമനം വൈകുന്നതും, നിലവിലുള്ള അധ്യാപകരുടെ സാമ്പത്തികാവകാശങ്ങൾ സംരക്ഷിക്കാൻ പറ്റാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ഡയറ്റ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് പുതുക്കിയ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഡയറ്റ് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ച ശേഷം സ്ഥിരനിയമനം നടത്തുന്നതിനും നിലവിലുള്ള ഡയറ്റ് അദ്ധ്യാപകരുടെ അർഹമായ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.